## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3164 — 15.02.2013-ലെ മറുപടിക്ക്

### പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ച ജീവനക്കാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | പൊതു മരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് ഉത്തരവായ ജീവനക്കാർ തദ്ദേശസ്വയംഭരണ വകുപ്പിൽ ചുമതല ഏൽക്കുകയുണ്ടായോ ; | (എ). | പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള സ്ഥിരമായ പുനർവിന്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ടവരിൽ ഓപ്ഷൻ നൽകിയ ജീവനക്കാർ എല്ലാം തന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽ ചുമതല ഏൽക്കുകയുണ്ടായി. എന്നാൽ 'ജൂനിയർ' എന്ന നിലയിൽ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ടവർ ഇനിയും ചുമതല ഏറ്റിട്ടില്ല. |
| (ബി). | പുനർവിന്യാസത്തിന് ഉത്തരവായിട്ടും വകുപ്പിൽ നിന്നും വിടുതൽ ചെയ്യാത്ത എത്ര ജീവനക്കാരുണ്ട് ; | (ബി). | പുനർവിന്യാസത്തിന് ഉത്തരവായിട്ടും വകുപ്പിൽ നിന്നും വിടുതൽ ചെയ്യാത്തവരുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്.<br>എൽ.ഡി.ക്ലാർക്ക് - 117<br>യു.ഡി.ക്ലാർക്ക് - 127<br>എൽ.ഡി. ടൈപ്പിസ്റ്റ് - 42<br>യു.ഡി. ടൈപ്പിസ്റ്റ് - 42<br>ഓഫീസ് അറ്റൻഡന്റ് - 46 |
| (സി) | ഇവരെ പുനർവിന്യസിച്ചു കൊണ്ട് ഉത്തരവ് ഇറക്കിയത് എന്നാണ്; ജീവനക്കാരെ ഇതുവരെ വിടുതൽ ചെയ്യാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് നടപ്പാക്കാത്തതിന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ; | (സി). | 20.01.12-ലെ സ.ഉ.(കൈ) നം.09/12/ പൊ.മ.വ., 21.02.12-ലെ സ.ഉ.(കൈ) നം.25/12/പൊ.മ.വ., എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഇവരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് സ്ഥിരമായി പുനർവിന്യസിച്ചു. തുടർന്ന് 17.02.12-ലെ സ.ഉ.(കൈ) നം.40/12/തസ്വഭവ., 08.03.12-ലെ സ.ഉ.(കൈ) നം.60/12/ തസ്വഭവ., |

എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഇവരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് സ്ഥിരമായി ആഗിരണം ചെയ്തു. തുടർന്ന് 22.05.12-ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ.4/1771/12/ സി.ഇ./ എൽ.എസ്.ജി.ഡി. നമ്പരിലുള്ള നടപടിക്രമങ്ങൾ പ്രകാരം ഇവർക്കെല്ലാം തദ്ദേശസ്വയംഭരണ വകുപ്പിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള സ്ഥിരമായ പുനർവിന്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ട ജൂനിയർ ജീവനക്കാർ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ബഹു:ഹൈക്കോടതി എന്നിവിടങ്ങളിൽ പുനർവിന്യാസത്തിനെതിരായി വിവിധ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. ടി കേസുകളിലെ വിധിന്യായങ്ങളുടെയും, ഇവർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചു വരികയാണ്.

(ഡി). പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ സമയബന്ധിതമായി വിടുതൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി). ഇതു സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികൾക്കനുസൃതമായി പരിശോധിച്ചു തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ചുള്ള അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ